നം.എച്ച്.4/291/2019/എൽ.ഡിസ് വിദ്യഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം

എറണാകുളം, തിയതി.21.01.2019.

PH.0484 2422227, E-Mail-ddeekm@gmail.com

പ്രേഷിതൻ

വിദ്യാഭ്യാസ ഉപഡയറക്ടർ,
എറണാകുളം.

സ്വീകർത്താവ്

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും,
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.

സർ,

വിഷയം: ബഹു.ബാലാവകാശ കമ്മീഷന്റെ ഉത്തരവ് - നടപ്പിലാക്കുന്നത് സംബന്ധിച്ച്.

സൂചന: ബഹു.ബാലാവകാശ കമ്മീഷന്റെ 19.12.2018-ലെ സിആർഎംപി നം.6002/07/എൽ.എ.1/2017/KeSCPCR നമ്പർ ഉത്തരവ്.

==============

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൊച്ചിയിലെ സ്കൂളുകളിൽ അഡ്മിഷൻ നിഷേധിക്കുന്നതുമായി ബന്ധപ്പെട്ട ബഹു.ബാലാവകാശ കമ്മീഷൻ സ്വമേധയാ സ്വീകരിച്ച ഹർജിയിലുള്ള ഉത്തരവാണ് സൂചന പ്രകാരം ലഭിച്ചിരിക്കുന്നത്. ആയതനുസരിച്ച് ഭിന്നശേഷിക്കാരായ കുട്ടികളുടെ അഡ്മിഷൻ കാര്യത്തിൽ സ്കൂളധികൃതരുടെ ഭാഗത്തു നിന്നും വീഴ്ചകൾ സംഭവിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് ബഹു.കമ്മീഷൻ ഉത്തരവായിരിക്കുന്നു. താങ്കളുടെ അധികാര പരിധിയിലുള്ള സ്കൂളുകളിൽ ബഹു.കമ്മീഷൻ ഉത്തരവ് നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് താങ്കളെ ചുമതലപ്പെടുത്തുന്നു.

വിശ്വസ്തതയോടെ

വിദ്യാഭ്യാസ ഉപഡയറക്ടർ
എറണാകുളം

എൻ.എസ്.

സൂചന ഉത്തരവ് ഇ-മെയിൽ വഴി അയക്കുന്നു.

Scanned by CamScanner

# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

## തിരുവനന്തപുരം

ഹാജർ : ശ്രീ എം.പി. ആന്റണി (മെമ്പർ)

തിയതി : 19.12.2018

**സി.ആർ.എം.പി.നമ്പർ : 6002/07/LA1/2017/KeSCPCR**

ഹർജികക്ഷി : സ്വമേധയാ

എതിർകക്ഷികൾ : (1) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ
എറണാകുളം ജില്ല

(2) റീജിയണൽ ഓഫീസർ
സി.ബി.എസ്.ഇ റീജിയണൽ ഓഫീസ്
തിരുവനന്തപുരം

## ഉത്തരവ്

1) 'Kochi schools deny admission; no complaint so far' എന്ന ശീർഷകത്തിൽ 2017 ജൂൺ 13ന് പ്രസിദ്ധീകരിക്കപ്പെട്ട മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2005-ലെ ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമത്തിലെ 13(1) വകുപ്പ് പ്രകാരം കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിച്ച ഹർജിയാണിത്.

2) ഹർജി വിഷയത്തിൽ എതിർകക്ഷികളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടതനുസരിച്ച് 2-ാം എതിർകക്ഷി 9.8.2017 തീയതി CBSE/RO(TVPM)/Legal/2017/137 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 1-ാം എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. 2-ാം എതിർകക്ഷി റിപ്പോർട്ട് പ്രകാരം മാധ്യമ വാർത്തയിൽ പറഞ്ഞിരിക്കുന്ന രീതിയിലുള്ള പരാതികളൊന്നും മാതാപിതാക്കളിൽ നിന്നും ലഭിച്ചിട്ടില്ലെന്നാണ് ബോധിപ്പിച്ചിട്ടുള്ളത്.

3) മേൽ സാഹചര്യത്തിൽ മാധ്യമ വാർത്തയിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾക്ക് വ്യക്തതയില്ലയെന്നും, അഡ്മിഷൻ നൽകാത്തതുമായി ബന്ധപ്പെട്ട സംഭവങ്ങൾ

Scanned by CamScanner

വാർത്തയിൽ കൃത്യമായിട്ടില്ല എന്നുമാണ് കമ്മീഷന്റെ നിരീക്ഷണം. ഭിന്നശേഷിക്കാരായ കുട്ടികളുടെ അഡ്മിഷൻ കാര്യത്തിൽ സ്കൂളധികൃതരുടെ ഭാഗത്തു നിന്നും വീഴ്ചകൾ സംഭവിക്കുന്നില്ലെന്ന് 1ഉം 2ഉം എതിർകക്ഷികൾ ഉറപ്പു വരുത്തേണ്ടതാണെന്ന നിരീക്ഷണത്തോടെ മേൽ നമ്പർ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ച് കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
**എം.പി. ആന്റണി**
മെമ്പർ

ഉത്തരവിൻ പ്രകാരം

**കെ.ആർ. പ്രസന്നൻ**
രജിസ്ട്രാർ

KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS
THIRUVANANTHAPURAM

SR/21/12/2018

Scanned by CamScanner